# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഫെബ്രുവരി 15<br>February 15 | 2020 |
|---|---|

**1193 കുംഭം 02 ശനി**

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**സന്നദ്ധ സേവനത്തിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ടീം**

സന്നദ്ധ സേവന പ്രവർത്തനങ്ങൾക്കായി വിദ്യാർഥികളെയും വിവിധ സാമൂഹിക മേഖലകളിൽ ഉള്ളവരെയും ഉൾപ്പെടുത്തി ജില്ലാ കളക്ടർ പി.ബി നൂഹിന്റെ നേതൃത്വത്തിൽ ഡിസ്ട്രിക് കളക്ടേഴ്സ് വോള ിയർ ടീം രൂപീകരിച്ചു. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന തെരഞ്ഞെടുത്ത വിദ്യാർഥികളുടെയും സന്നദ്ധ പ്രവർത്തകരുടെയും യോഗത്തിലാണ് സന്നദ്ധ സേവന ടീം രൂപീകരിച്ചത്. സമൂഹം നേരിടുന്ന വിവിധ പ്രതിസന്ധികളിലും അവശ്യഘട്ടങ്ങളിലും സന്നദ്ധ സേവനം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ആരോഗ്യം, പരിസ്ഥിതി, ശുചീകരണം, പ്ലാസ്റ്റിക് അവബോധം, വാഹന അപകടങ്ങൾ കുറയ്ക്കുക, വിനോദസഞ്ചാരം, ശുദ്ധജല സ്രോതസ് സംരക്ഷണം, മലിനീകരണം തടയുക എന്നിവയ്ക്കായി ബോധവത്കരണവും പ്രചാരണ പരിപാടികളും മറ്റ് സാമൂഹിക സേവനങ്ങളും പദ്ധതിയുടെ ഭാഗമായി നടത്തും. സാമൂഹിക വിഷയങ്ങളിൽ അവബോധത്തിനായി കലാ പരിപാടികൾ സംഘടിപ്പിക്കും. ഉപയോഗിക്കാതെ മിച്ചം വരുന്ന ഭക്ഷ്യവസ്തുകൾ ശേഖരിച്ച് കേടുകൂടാതെ വിതരണം നടത്തുന്നതിന് പ്രത്യേക കേന്ദ്രങ്ങൾ തുടങ്ങും.

പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത പൊതുമതിലുകൾ വൃത്തിയാക്കി പെയിന്റിംഗ് നടത്തും. വിനോദസഞ്ചാരം ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ ജില്ലയുടെ സാധ്യതകൾ പരിചയപ്പെടുത്തുന്നതിന് പ്രചാരണ പരിപാടികളും പ്രവർത്തനങ്ങളും നടത്തുന്നതിന് ജില്ലാ കളക്ടർ പി.ബി. നൂഹ് നിർദേശം നൽകി. സാമൂഹിക ഉത്തരവാദിത്വം നിറവേറ്റാൻ എല്ലാ ജന വിഭാഗങ്ങളുടെയും പിന്തുണ കളക്ടർ അഭ്യർഥിച്ചു. പദ്ധതിയുടെ വിജയത്തിനായി എല്ലാവരുടെയും സേവനവും സഹകരണവും പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു.

പദ്ധതി വിവിധ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടത്തുക. സന്നദ്ധ സേവനവുമായി സഹകരിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർഥികൾക്കും സന്നദ്ധ പ്രവർത്തകർക്കും ശുചിത്വ മിഷൻ പ്രോഗ്രാം ഓഫീസർ കെ.ആർ അജയ്യുമായി ബന്ധപ്പെടാം. ഫോൺ 8129557741.

**ഫോട്ടോ അടിക്കുറിപ്പ്: കളക്ടേഴ്സ് ടീം:-** ഡിസ്ട്രിക്ക് കളക്ടേഴ്സ് വോള ിയർ ടീം രൂപീകരണവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ പി.ബി. നൂഹിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗം.

(പിഎൻപി 752/2020)

## സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ

വിദേശ പഠനത്തിനും ജോലികൾക്കുമായി പോകുന്ന കേരളീയർക്കായി വിദ്യാഭ്യാസ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തലും, എച്ച്.ആർ.ഡി സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തലും ഈ മാസം 25 ന് രാവിലെ 10 നും ഉച്ചയ്ക്ക് 12 നും ഇടയിൽ പത്തനംതിട്ട കളക്ടറേറ്റ് കോൺഫ റൻസ് ഹാളിൽ നടക്കും. എം.ഇ.എ അറ്റസ്റ്റേഷൻ, അപ്പോസ്റ്റൈൽ (ഹേഗ് കൺവൻഷൻ ഉടമ്പടിയുടെ ഭാഗമായി 118 രാജ്യങ്ങളിലേക്കുള്ള അറ്റസ്റ്റേഷൻ), യുഎ.ഇ, കുവൈറ്റ്, ഖത്തർ, ബഹറൈൻ തുടങ്ങിയ എംബസി അറ്റസ്റ്റേഷനുകൾക്കായി സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാം. കൂടാതെ കുവൈറ്റ് വിസാ സ്റ്റാമ്പിങ്ങിനുള്ള രേഖകളും സ്വീകരിക്കും. സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനും മറ്റു സേവനങ്ങൾക്കുമായി www.norkaroots.org എന്ന വെബ്സൈറ്റിൽ മുൻകൂർ പേര് രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് 0471 -2770561 എന്ന നമ്പരിൽ ബന്ധപ്പെടാം. ഈ ദിവസം നോർക്ക റൂട്ട്സ് തിരുവനന്തപുരം സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സെന്ററിൽ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ ഉ ായി രിക്കില്ലെന്ന് നോർക്ക റൂട്ട്സ് തിരുവനന്തപുരം സെന്റർ മാനേജർ അറിയിച്ചു.

(പിഎൻപി 753/2020)

## ചുമർചിത്ര രചനാ വെക്കേഷൻ കോഴ്സ്

സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആറന്മുള വാസ്തുവിദ്യാഗുരുകുലത്തിന്റെ ആഭിമുഖ്യത്തിൽ "നിറച്ചാർത്ത് -2020" എന്ന പേരിൽ 25 പ്രവർത്തി ദിവസങ്ങളുള്ള ചുമർചിത്ര രചനാ വെക്കേഷൻ കോഴ്സിലേക്ക് വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ, മെയ് മാസങ്ങളിലാണ് ക്ലാസുകൾ നടക്കുക. ചുമർചിത്രകലാ മാതൃകാ രചന, ഡിസൈൻ എന്നീ വിഷയങ്ങൾ ഉൾപ്പെട്ട കോഴ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ചുമർചിത്രപ്രദർശനവും ചുമർചിത്രരചനാ മത്സരവും നടത്തും. കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് വാസ്തുവിദ്യാഗുരുകുലം സർട്ടിഫിക്കറ്റും മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് പ്രത്യേക സമ്മാനങ്ങളും നൽകും.

ഒന്ന് മുതൽ ഏഴ് വരെയുള്ള ക്ലാസുകളിലെ വിദ്യാർഥികളെ ജൂനിയർ വിഭാഗത്തിലും എട്ടാം ക്ലാസ് മുതലുള്ള വിദ്യാർഥികളെ സീനിയർ വിഭാഗത്തിലും ഉൾപ്പെടുത്തി ര ു ബാച്ചുകളായി പ്രശസ്തരായ ചുമർചിത്രകാരന്മാരുടെ നേതൃത്വത്തിലാണ് കോഴ്സുകൾ നടത്തുന്നത്. ജൂനിയർ വിഭാഗത്തിന് 1000 രൂപയും, സീനിയർ വിഭാഗത്തിന് 2000 രൂ പയുമാണ് കോഴ്സ്ഫീസ്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 20. അ പേക്ഷകൾ www.vasthuvidyagurukulam.com എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാം. വിശദവിവരങ്ങൾക്ക് 0468 -2319740, 9847053293, 9947739442 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

(പിഎൻപി 754/2020)

## സ്കിൽ രജിസ്ട്രി

സംസ്ഥാന സർക്കാർ ഗാർഹിക വ്യാവസായിക ആവശ്യങ്ങൾക്ക് വൈദഗ്ധ്യമുള്ളവരുടെ സേവനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച സ്കിൽ രജിസ്ട്രി മൊബൈൽ ആപ്ലിക്കേഷനിൽ സാങ്കേതികവും പാരമ്പര്യവുമായ വിവിധ മേഖലകളിൽ പ്രാവീണ്യമുള്ളവർക്ക് സർവീസ് പ്രൊവൈഡറായും സേവനങ്ങൾ ആവശ്യമുള്ളവർക്ക് കസ്റ്റമറായും രജിസ്റ്റർ ചെയ്യാം. താൽപര്യമുള്ളവർ ഫെബ്രുവരി 17ന് അകം ആധാർ കാർഡ്, ഐടിഐ ട്രേഡ് സർട്ടിഫിക്കറ്റ്/ സ്കിൽ വൈദഗ്ധ്യം തെളിയിക്കുന്ന പഞ്ചായത്ത് മെമ്പറുടെ കത്ത്, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം ഇലവുംതിട്ടയിൽ പ്രവർത്തിക്കുന്ന മെഴുവേലി ഗവ വനിത ഐ.ടി.ഐയിൽ എത്തണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു. ഫോൺ: 0468 – 2259952, 7907095840, 8075264830.

(പിഎൻപി 755/2020)

## ബ്ലോക്ക്തല കൺവൻഷൻ

നെഹ്റു യുവകേന്ദ്ര ഇലന്തൂർ, പന്തളം യൂത്ത് ക്ലബ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഉദ്ഘാടനം ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് അംഗം എം.ബി സത്യൻ നിർവഹിച്ചു. എൻ.ജി.ഒ അസോസിയേഷൻ ഹാളിൽ നടന്ന പരിപാടിയിൽ നെഹ്റു യുവകേന്ദ്ര ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ പി. സന്ദീപ് കൃഷ്ണൻ അധ്യക്ഷത വഹിച്ചു. ഗൗതം കൃഷ്ണ, ഹരികൃഷ്ണൻ, ഗീതു ശാന്തൻ തുടങ്ങിയവർ പ്രസംഗിച്ചു.

(പിഎൻപി 756/2020)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ഫെബ്രുവരി 15

**February 15** **2020**

1193 കുംഭം 02 ശനി

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**താലൂക്ക് അദാലത്ത് പൊതു ജനങ്ങൾക്ക് ആശ്വാസം പകർന്നു: എ.ഡി.എം**

താലൂക്ക് തലത്തിൽ നടത്തുന്ന അദാലത്തുകളിലൂടെ പരാതികൾക്ക് പരിഹാരം കാണുന്നത് പൊതുജനങ്ങൾക്ക് ആശ്വാസം പകരുന്നതാണെന്ന് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് അലക്സ് പി. തോമസ് പറഞ്ഞു. അടൂർ റവന്യൂ ടവറിൽ നടന്ന റവന്യൂ അദാലത്ത് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദേഹം. സംസ്ഥാന സർക്കാരിന്റെ നിർദേശ പ്രകാരമാണ് പരാതികൾ വേഗത്തിൽ തീർപ്പാക്കാൻ അദാലത്തുകൾ നടത്തുന്നത്. അദാലത്തുകൾ വഴി നിരവധി പരാതികൾ സമയബന്ധിതമായി തീർപ്പാക്കാൻ സാധിച്ചുവെന്നും എ.ഡി.എം പറഞ്ഞു.

മുൻകൂർ അപേക്ഷ ലഭിച്ച 37 പരാതികളും അദാലത്ത് ദിവസം എത്തിയ 15 പരാതികളും ഉൾപ്പെടെ 52 പരാതികളാണ് റവന്യൂ അദാലത്തിൽ പരിഗണിച്ചത്. ഇതിൽ 19 പരാതികൾ തീർപ്പാക്കി. ബാക്കിയുള്ള പരാതികൾ തുടർ നടപടികൾക്കായി അതത് വകുപ്പുകൾക്ക് കൈമാറി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫ ുമായി ബന്ധപ്പെട്ട പരാതികൾ, ഭൂമി തർക്കങ്ങൾ, റേഷൻ കാർഡ് പരാതികൾ എന്നിവ ഒഴികെയുള്ള പരാതികളാണ് അദാലത്തിൽ പരിഗണിച്ചത്. അദാലത്തിൽ ലഭിച്ച പരാതികളിൽ ഭൂരിഭാഗവും വീട് ലഭിക്കുന്നതിനുള്ള അപേക്ഷകളാണ്.

അടൂർ റവന്യൂ ഡിവിഷണൽ ഓഫീസർ പി.ടി എബ്രഹാം, തഹസിൽദാർ ബീനാ എസ്. ഹനീഫ, അഡീഷണൽ തഹസിൽദാർ കെ.സതിയമ്മ, ഡെപ്യൂട്ടി തഹസിൽദാർ ജോൺ സാം, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ അദാലത്തിൽ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: അടൂർ അദാലത്ത്:*** അടൂർ റവന്യൂ അദാലത്തിൽ എ.ഡി.എം അലക ്സ് പി. തോമസിന്റെ നേതൃത്വത്തിൽ പരാതികൾ പരിഗണിക്കുന്നു

(പിഎൻപി 757/2020)

## വൈകല്യങ്ങളെ മറികടന്ന് ജെർലിൻ എത്തി

അടൂർ താലൂക്ക് റവന്യൂ അദാലത്തിൽ സ്വന്തമായി വീട് ലഭിക്കാൻ അപേക്ഷയുമായി പത്തൊൻപതു വയസുകാരി ജെർലിൻ മാത്യു അമ്മയോടൊപ്പം എത്തി. മാസം തികയാതെ ജനിച്ചതിനാൽ അരയ്ക്ക് താഴെ ചലനശേഷി നഷ്ടപെട്ട ജെർലിൻ ഏഴംകുളം ചേലയോട് കിളിക്കോടുതോട്ടത്തിൽ വീട്ടിൽ ഷേർളി മാത്യുവിന്റെയും എം. മാത്യുവിന്റെയും മകളാണ്. ചോർന്നൊലിക്കാത്ത വീട്ടിൽ സ്വസ്ഥമായിരുന്നു പഠിക്കാൻ കഴിയണമെന്ന ആഗ്രഹം മാത്രമാണ് പന്ത്ര ാം ക്ലാസ് വിദ്യാർഥിനിയായ ജെർലിന് ഉള്ളത്. ജെർലിന്റെ പരാതിയിൽ ഗ്രാമപഞ്ചായത്തുമായി ചേർന്ന് വേ നടപടികൾ സ്വീകരിക്കാം എന്ന് അദാലത്തിൽ ഉറപ്പ് ലഭിക്കുകയും ചെയ്തു.

***ഫോട്ടോ അടിക്കുറിപ്പ്: അടൂർ അദാലത്ത്:*** അടൂർ റവന്യൂ അദാലത്തിൽ സ്വന്തമായി വീട് ലഭിക്കാൻ അപേക്ഷയുമായി എത്തിയ
ജെർലിൻ മാത്യു അമ്മയോടൊപ്പം

(പിഎൻപി 758/2020)

## സധൈര്യം മുന്നോട്ട് പൊതുഇടം എന്റേതും:ഇലന്തൂരിൽ രാത്രി നടത്തം സംഘടിപ്പിച്ചു

സധൈര്യം മുന്നോട്ട് പൊതുഇടം എന്റേതും എന്ന സന്ദേശവുമായി ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്, ശിശുവികസന ഓഫീസ് എന്നിവയുടെ ആഭിമുഖ്യത്തിൽ നൂറിലേറെ വനിതകളുടെ കൂട്ടായ്മയിൽ രാത്രി നടത്തം സംഘടിപ്പിച്ചു. 10 പേരിൽ താഴെയുള്ള 20 ചെറു സംഘങ്ങൾ വീതം വിവിധ ഭാഗങ്ങളിൽ നിന്ന് രാത്രി 11ന് ഇലന്തൂർ ജംഗ്ഷനിൽ ഒരുമിച്ച് കൂടി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെറി മാത്യു സാം രാത്രി നടത്തം ഉദ്ഘാടനം ചെയ്തു. ഇലന്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. മുകുന്ദൻ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. നാടൻ പാട്ട്, കവിതകൾ എന്നിവ ആലപിച്ച് വനിതകൾ രാത്രി നടത്തം ആഘോഷമാക്കി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. മുകുന്ദൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം ജോൺ.വി.തോമസ്, എം.എസ്. സിജു എന്നിവരുടെ നാടൻ പാട്ട് ശ്രദ്ധേയമായി.

ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജെസി തോമസ്, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ ജെ.ഇന്ദിരാദേവി, ജനപ്രതിനിധികളായ വത്സമ്മ മാത്യു, ആലീസ് രവി, സാലി തോമസ്, രമാദേവി, ജോൺ വി.തോമസ്, ബിജിലി പി.ഈശോ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി രാജേഷ്, ശിശുവികസന പദ്ധതി ഓഫീസർ ഷീബാ എഡ്വേർഡ്, സ്കൂൾ കൗൺസിലർമാരായ മാലതി, ശാന്തി, അങ്കണവാടി പ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ, വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: നൈറ്റ് വോക്ക്:*** സധൈര്യം മുന്നോട്ട് പൊതുഇടം എന്റേതും എന്ന സന്ദേശവുമായി ഇലന്തൂരിൽ നടത്തിയ രാത്രി നടത്തം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെറി മാത്യു സാം ഉദ്ഘാടനം ചെയ്യുന്നു.

(പിഎൻപി 759/2020)

## ഗതാഗത നിയന്ത്രണം

തടിയൂര്‍- കുരുടാമണ്ണില്‍ക്കടവ്, പ്ലാങ്കമണ്‍- പേരൂച്ചാല്‍ റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി പ്ലാങ്കമണ്‍- പേരൂച്ചാല്‍ റോഡിന്റെ ടാറിംഗ് നടക്കുന്നതിനാല്‍ ഈ മാസം 17 മുതല്‍ ഈ റോഡിലൂടെയുള്ള വാഹന ഗതാഗതം താല്‍ക്കാലികമായി നിരോധിച്ചു. ഇതുവഴി സഞ്ചരിക്കേ വാഹനങ്ങള്‍ പ്ലാങ്കമണ്ണില്‍ നിന്ന് പൊടിപ്പാറ വഴി പേരൂച്ചാലിലേക്ക് പോകണമെന്ന് കാഞ്ഞിരപ്പള്ളി പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയര്‍ അറിയിച്ചു.

(പിഎന്‍പി 760/2020)

## ഗതാഗത നിയന്ത്രണം

ആനയടി- പഴകുളം- കുരമ്പാല-കീരുകുഴി -ചന്ദനപ്പള്ളി- കൂടല്‍ റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ ഭാഗമായി ചന്ദനപ്പള്ളി പാലവും കല്ലേലി പാലവും പുതുക്കി പണിയുന്നതിനാല്‍ ഈ മാസം 17 മുതല്‍ ഈ റോഡിലൂടെയുള്ള വാഹന ഗതാഗതം താല്‍ക്കാലികമായി നിരോധിച്ചതായി അടൂര്‍ പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയര്‍ അറിയിച്ചു.

(പിഎന്‍പി 761/2020)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.


.